# OLMS, Kurumbathuruth

## Academic Master Plan

## 2025-2026

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ആമുഖം

പെരിയാറിന്റെ തീരത്ത്, എറണാകുളം ജില്ലയുടെ വടക്കേ അറ്റത്ത്, അതുപോലെ തന്നെ പറവൂർ ഉപജില്ലയുടെയും വടക്കേ അറ്റത്തായി സ്ഥിതിചെയ്യുന്ന 1948ൽ സ്ഥാപിതമായ OLMS [Our Lady of Mercy School] കുറുമ്പത്തുരുത്ത് എന്ന ഈ വിദ്യ വാർഷികത്തിലേക്ക് പ്രവേശിക്കുകയാണ്. ഈ അധ്യയന വർഷം ഒരു പുത്തൻ പ്രതീക്ഷയോടെയാണ് അധ്യാപകരും, വിദ്യാർത്ഥികളും സ്കൂളിലേക്ക് എത്തുന്നത്. KG മുതൽ 4-ാം ക്ലാസ് വരെ 50 കുട്ടികളാണ് ഈ വിദ്യാലയത്തിൽ പഠിക്കുന്നത്. പ്രധാന്യാപകൻ ഉൾപ്പെടെ 7 പേർ അടങ്ങുന്ന അധ്യാപകരും, ഉച്ചഭക്ഷണത്തിന് സഹായിക്കുന്നതിനായി ഒരു ജീവനക്കാരിയുമുണ്ട്. pre-primary യിൽ 2 ക്ലാസും (LKG, UKG) 1 മുതൽ 4 വരെ ഓരോ ഡിവിഷനും മൊത്തം 6 ക്ലാസുകളാണ് ഈ വിദ്യാലയത്തിൽ ഉള്ളത്. പഠനപ്രവർത്തനത്തിലും പാഠ്യേതരപ്രവർത്തനങ്ങളിലും മികച്ച പ്രകടനങ്ങളാണ് സ്കൂളിൽ നടക്കുന്നത്.

## അക്കാദമിക മാസ്റ്റർപ്ലാൻ 2025-26

### സ്കൂൾതല മാസ്റ്റർപ്ലാൻ

**ലക്ഷ്യങ്ങൾ**

- കുട്ടികളിലെ പഠനപുരോഗതിക്കാവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- കൃഷിയനുഭവങ്ങൾ കുട്ടികൾക്ക് നൽകുന്നതിനായി അടുക്കളത്തോട്ടം നിർമ്മിക്കുന്നു.
- പ്രകൃതി സൗഹൃദം വർധിപ്പിക്കുന്നതിനായി ജൈവവൈവിധ്യ പാർക്ക് നിർമിക്കുന്നു.
- കുട്ടികളിലെ കലാപരമായ കഴിവുകളെ ഉണർത്തുന്നതിനായി സ്കൂളിൽ FM റേഡിയോ, ന്യൂസ് ചാനൽ എന്നിവ ആസൂത്രണം ചെയ്യുന്നു.

### പ്രവർത്തനങ്ങൾ

**ലക്ഷ്യം 1**

കുട്ടികളിലെ പഠനപുരോഗതിക്കാവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.

**പ്രവർത്തനം:**

ഓരോ ക്ലാസിൽ നിന്നും അതാത് അധ്യാപകർ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേക

പരിശീലനം നൽകുന്നു. ആഴ്ചയിൽ ഒരുദിവസം ഉച്ചക്ക്
1.30 മുതൽ അത്തരത്തിലുള്ള കുട്ടികളെ ഒരുമിച്ചു കൂട്ടി പരിശീലനം
നൽകുന്നു. ആദ്യം സ്വരാക്ഷരങ്ങളും അവയുടെ സ്വരചിഹ്നങ്ങ
ളും ചേർന്നുവരുന്ന വാക്കുകളും പിന്നീട് വാക്കുകളും പരിചയ
പ്പെടുത്തുന്നു. ആവർത്തിച്ചുള്ള എഴുത്തിലൂടെ അക്ഷരങ്ങ
ളും ചിഹ്നങ്ങളും ഉറപ്പിക്കുന്നു. ഇതിനായി ICT
ചിത്രങ്ങൾ പ്രയോജനപ്പെടുത്തുന്നു. പിന്നീട് ഈ
പദങ്ങൾ ആവർത്തിച്ച് ഉപയോഗിക്കുന്ന വാക്യങ്ങൾ പരി
ചയപ്പെടുത്തുന്നു. പിന്നീട് ലഘുവിവരണങ്ങൾ, കുറിപ്പുകൾ,
കഥകൾ, കവിതകൾ, കുഞ്ഞെഴുത്തുകൾ, ഉപന്യാസങ്ങൾ
കുഞ്ഞു പ്രസംഗങ്ങൾ, ആസ്വാദനക്കുറിപ്പുകൾ എന്നിവയിലേക്ക്
എത്തുന്ന വിധത്തിൽ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നു.
ഈ അധ്യയനവർഷം മുഴുവൻ നടത്തുന്ന ഇത്തരം പ്രവർത്ത
നങ്ങളിലൂടെ കുട്ടികളിലെ അക്ഷരവിടവ് നികത്താൻ കഴിയും.
അതിനുശേഷം കുട്ടികൾ എഴുതിയ ഇത്തരം പ്രവർത്തനങ്ങൾ
ചേർത്ത് പതിപ്പ് നിർമിക്കുന്നു. ക്ലാസ് PTA യിൽ പ്രദർശി
പ്പിക്കുകയും ചെയ്യുന്നു.

ലക്ഷ്യം:2
കുട്ടികളിലെ വായനയെ പരിപോഷിപ്പിക്കുന്നതിനായി പ്രവർത്തന-
ങ്ങൾ ആസൂത്രണം ചെയ്യുന്നു.

## പ്രവർത്തനങ്ങൾ

വായനയിലൂടെ അക്ഷരം ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെ
വായനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ആദ്യഘട്ടത്തിൽ
ഓരോ ക്ലാസ്സിലേയും കുട്ടികളുടെ നിലവാരത്തിനു യോജിച്ച
വിധത്തിലുള്ള വായനാകാർഡുകൾ /ബുക്കുകൾ എന്നിവ തെര-
ഞ്ഞെടുത്ത് വായനയ്ക്കായി നൽകുന്നു. കാർഡുകൾ നന്നായി
വായിച്ച് പരിശീലിക്കുന്നു. കുട്ടികൾക്ക് കിട്ടിയിരിക്കുന്ന
കാർഡുകൾ പരസ്പരം കൈമാറി വായിക്കുന്നു. അതുപോ-
ലെതന്നെ പുസ്തകങ്ങളും. ഓരോ ക്ലാസിലേയും അധ്യാപകർ
ക്ലാസ്തലത്തിൽ വായനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
കുട്ടികൾക്ക് നൽകിയിരിക്കുന്ന വായനാസാമഗ്രികൾ ആഴ്ച
കഴിയുമ്പോൾ അസംബ്ലിയിൽ ഓരോ ക്ലാസ്സ്തലത്തിൽ, കുട്ടി-
കളുടെ പേരുകൾ അസംബ്ലിയിൽ പേരുകൾ നറുക്കിട്ടെടു-
ത്ത് നറുക്ക് കിട്ടിയ ആൾ വായിക്കുന്ന വിധത്തിൽ പ്രവർ-
ത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. നന്നായി വായിക്കുന്നവർക്ക്
കൊച്ചുസമ്മാനങ്ങൾ നൽകുന്നു. ശേഷം വായിച്ച പുസ്തകത്തെ
ക്കുറിച്ച് വായനാകുറിപ്പ് എഴുതാൻ അവസരം ന-
ൽകുന്നു.

ലക്ഷ്യം 3

കൃഷിയനുഭവങ്ങൾ കുട്ടികൾക്ക് നൽകുന്നതിനായി അടുക്കളത്തോട്ടം നിർമിക്കുന്നു.

പ്രവർത്തനങ്ങൾ

കൃഷി നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണെന്ന് കുട്ടികൾ മനസ്സിലാ
ക്കുന്നതിനായി അടുക്കളത്തോട്ടം നിർമിക്കുവാനുള്ള പ്രവർത്തന
ങ്ങൾ ചെയ്യുന്നു. പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന വിത്തുകൾ
നട്ടുവളർത്തി പരിപാലിക്കുന്നു. കുട്ടികളെ മുഴുവൻ പ്രവർത്ത
നങ്ങളിലും പങ്കാളികളാക്കുന്നു. ഓരോ ക്ലാസ്സിനും ചുമതലകൾ
വിഭജിച്ചു നൽകുന്നു. കൂടാതെ ഏതാനും വിത്തുകൾ ശേഖരി
ക്കുന്നു. മരച്ചീനി, വാഴ എന്നിവ നട്ടുവളർത്തുന്നു. കൃഷി അനുഭ
വങ്ങൾ കുറിപ്പുകൾ ചേർത്ത് പതിപ്പാക്കുന്നു.

ലക്ഷ്യം 4

പ്രകൃതി സ്നേഹം വർധിപ്പിക്കുന്നതിനായി ജൈവവൈവിധ്യപാർക്ക് നിർമിക്കുന്നു.

പ്രവർത്തനങ്ങൾ:

കുട്ടികളിൽ പ്രകൃതി സ്നേഹം വർധിപ്പിക്കുന്നതിനായി, ജൈവ
വൈവിധ്യ പാർക്ക് നിർമിക്കുന്നു. സ്കൂളിനോട് ചേർന്ന്
പടിഞ്ഞാറു ഭാഗത്തായി പൂമ്പാറ്റകളുടെ ആവാസമായി നിർമിക്കുന്നു

പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. പത്രങ്ങൾ ഉണ്ടാക്കുന്ന ചെടികൾ നട്ടുവളർത്താൻ നിർദ്ദേശം. കൂടാതെ ഈ പ്രവർത്തനങ്ങളിലെല്ലാം കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.

ലക്ഷ്യം :5

കുട്ടികളിലെ കലാപരമായ കഴിവുകളെ ഉണർത്തുന്നതിനായി സ്കൂളിൽ FM റേഡിയോ, ന്യൂസ് ചാനൽ എന്നിവ ആസൂത്രണം ചെയ്യുന്നു.

കുട്ടികളിലെ സർഗാത്മകത വളർത്തുന്നതിനായി സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങൾ, പഠനപ്രവർത്തനങ്ങൾ തുടങ്ങിയവ നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നു. കുട്ടികളിൽ വിനോദത്തിനും കൗതുകത്തിനും ആവേശം നൽകുന്ന ഒന്നായി മാറും. കൂടാതെ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്താൻ തീരുമാനിച്ചു. ഇത് കുട്ടികളിൽ ആശയസ്വീകരണത്തെ സ്വാധീനിക്കുന്നു. ക്ലാസ് പ്രവർത്തനങ്ങളെ ബാധിക്കാത്ത തരത്തിലാണ് പ്രവർത്തനം ക്രമീകരിച്ചിരിക്കുന്നത് - ഇതിന്റെ ചുമതല സ്കൂൾ ലീഡർക്ക് നൽകി. ആത്മവിശ്വാസം, കൂട്ടുത്തരവാദിത്വം, വിജ്ഞാനവിനിമയത്തിന്റെ വിവിധ മുഖങ്ങൾ പരിചയപ്പെടാനും ഇതിലൂടെ സാധിക്കുന്നു.